(എ) ഈ സംസ്ഥാനത്തു് ഏതെല്ലാം താലൂക്കുകളിലാണു് മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നതെന്നു പറയാമോ ;

(ബി) അടുത്ത വർഷത്തിൽ കൂടുതൽ സ്ഥലങ്ങളിൽ മദ്യവർജ്ജനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ ?

ഉത്തരം.

(എ) തിരുവനന്തപുരം, പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലും, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പത്തനാപുരം എന്നീ താലൂക്കുകളിലും, തൃശ്ശൂർ ജില്ലയിലെ തലപ്പള്ളി, ചിറ്റൂർ, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിലും, എറണാകുളം ജില്ലയിൽപ്പെട്ട കൊച്ചി താലൂക്കിലെ ഫോർട്ടു് കൊച്ചിയിലും മദ്യനിരോധനം നിലവിലുണ്ടു്.

(ബി) തൽക്കാലം ഇല്ല.

(സി) ഉദിക്കുന്നില്ല.

കരമന ഇംഗ്ലീഷു് ഹൈസ്കൂൾ കെട്ടിടം പണി.

9. [4] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്കൂൾവർഷംതന്നെ പൂർത്തിയാക്കാൻ തീരുമാനിച്ചിരുന്ന കരമന ഇംഗ്ലീഷു് ഹൈസ്കൂൾ ഇപ്പോഴും പൂർത്തിയാകാതെ കിടക്കുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിദ്യാഭ്യാസ വർഷമെങ്കിലും സ്കൂളിന്റെ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) നടപടികളെടുത്തുകൊണ്ടിരിക്കുന്നു.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Decision of the Government to abolish the posts of the Block Development Officers in the N. E. S. Blocks of the Pre-extension Stage.

Mr. Speaker : Order, order. There is a reply due from the Minister for Industries and Local
9 a. m. Administration to the notice given by Shri P. C. Raghavan Nair under Rule 61, yesterday. I call upon the hon. Minister to give the reply.

Shri M. Narayana Kurup : Sir, when an hon. Member who raised this notice under Rule 61 is not in his seat, is it necessary to give a reply to his notice ?

Mr. Speaker : He has raised this yesterday itself. So, the reply can be given.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) : പ്രീ എക്സ്റ്റെൻഷൻ ബ്ലോക്കുകളിൽ ബി. ഡി. ഓ. മാരെ നിയമിക്കാതിരുന്നതു ; അഗ്രിക്കൾച്ചറൽ എക്സ്റ്റെൻഷൻ ആഫീസറന്മാർക്കാണു് ബി. ഡി. ഓ. യുടെ ചാർജു് നൽകിയിരിക്കുന്നതു്. അതുകൊണ്ടു് പരിചയസമ്പന്നന്മാരായ ഉദ്യോഗസ്ഥന്മാർ ഇല്ലാത്ത ബുദ്ധിമുട്ടു് പ്രീ എക്സ്റ്റെൻഷൻ ബ്ലോക്കുകളിൽ ഉണ്ടായിരുന്നു എന്നാണു് ശ്രീ. രാഘവൻ നായർ ഉന്നയിച്ച പ്രധാന കാര്യം. ഇവി

LIBRARY ARCHIVES Kerala Legislative Assembly